# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊട്ടാരക്കര മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/ML/751/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 22/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൊട്ടാരക്കര മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
റീജിയണൽ ജോയിന്റ് ഡയറക്ടർ ,കൊല്ലം
കാര്യാലയപകർപ്പ്

നമ്പർ: KSA/KLM/ML/751/22 തീയ്യതി: 22/07/2022

## കൊല്ലം ജില്ലയിലെ കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-10-2019 മുതൽ 15-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മാത്യൂറോയി.കെ.പി | സീനിയർഡപ്യൂട്ടി ഡയറക്ടർ | 17-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഐസക്ക് ജോൺ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. ശശിജോഷ്, ഓഡിറ്റ് ഓഫീസർ

ശ്രീമതി. പത്മകുമാരി, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഷീജ. ആർ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി. ജൂഡിറ്റ് വർഗ്ഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സുനിൽകുമാർ, ഓഡിറ്റർ (04.04.2022 മുതൽ 11.04.2022 വരെ)

ശ്രീമതി. അമല സെർമിയസ്, ഓഡിറ്റർ (17.01.2022 മുതൽ 24.01.2022 വരെ മാത്രം)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്യാമളഅമ്മ | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഡി.വി.സനൽകുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.എ.എസ്.പ്രമോദ് | ഹെൽത്ത് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.സുജി.എസ് | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ഡോ.ദീപ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി.സിന്ധു.ജെ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 27-02-2020 |
| ശ്രീമതി.പ്രഭ.ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 28-02-2020 | 31-03-2020 |
| ഡോ.ബിജു.ബി.എൻ | മെഡിക്കൽ ഓഫീസർ, ഗവ.താലൂക്ക് ആശുപത്രി | 01-04-2019 | 27-07-2019 |
| ഡോ.സുനിൽകുമാർ | മെഡിക്കൽ ഓഫീസർ, ഗവ.താലൂക്ക് ആശുപത്രി | 28-07-2019 | 31-03-2020 |
| ഡോ.വൈ.എം.ഷീജ | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2019 | 31-03-2020 |
| ഡോ.സജി | വെറ്റിനറി സർജൻ | 01-04-2019 | 16-02-2020 |
| ഡോ.അനിൽകുമാർ | വെറ്റിനറി സർജൻ | 17-02-2020 | 31-03-2020 |
| ശ്രീ.റോഷൻ ജോർജ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.വൽസലാമ്മ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീ.റ്റി.എസ്.ബൈജു | വ്യവസായ വികസന ഓഫീസർ | 01-04-2019 | 21-10-2019 |
| ശ്രീമതി.നദീറാ ബീഗം | വ്യവസായ വികസന ഓഫീസർ | 22-10-2019 | 16-01-2020 |
| ശ്രീ.കൃഷ്ണൻ നമ്പൂതിരി | വ്യവസായ വികസന ഓഫീസർ | 17-01-2020 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.വിജയകുമാരൻനായർ | മുൻസിപ്പൽ എഞ്ചിനിയർ | 01-04-2019 | 29-07-2019 |
| ശ്രീ.സാം ജോഷ്വാ | മുൻസിപ്പൽ എഞ്ചിനിയർ | 30-07-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Padmakumari L (Asst. Audit Officer, On 21-01-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Padmakumari L (Asst. Audit Officer, On 05-04-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-2 |
| 3 | വാർഷികകണക്ക് പരിശോധന<br>Written By: Padmakumari L (Asst. Audit Officer, On 17-04-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Padmakumari L (Asst. Audit Officer, On 05-04-2022)<br>Last Updated By: K.P.Mathew Roy (Senior Deputy Director, On 22-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 17-04-2022)<br>Last Updated By: Naseer S (Computer Assistant, On 20-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Padmakumari L (Asst. Audit Officer, On 21-01-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.Sasijosh (Audit Officer, On 07-04-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Judith Varghese (Senior Grade Auditor, On 21-01-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-7 |
| 9 | സാമൂഹ്യസുരക്ഷാപെൻഷൻ-ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അക്കൗണ്ടിലേക്ക് നൽകുന്നു<br>Written By: Judith Varghese (Senior Grade Auditor, On 17-04-2022)<br>Last Updated By: Naseer S (Computer Assistant, On 20-07-2022) | 1-7-1 |
| 10 | ക്യാഷ് പരിശോധന<br>Written By: Amala Sermius (Auditor, On 07-04-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Padmakumari L (Asst. Audit Officer, On 07-04-2022)<br>Last Updated By: Naseer S (Computer Assistant, On 20-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: R.Sheeja (Asst. Audit Officer, On 07-04-2022)<br>Last Updated By: Naseer S (Computer Assistant, On 20-07-2022) | 1-10 |
| 13 | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം നൽകി<br>Written By: R.Sheeja (Asst. Audit Officer, On 10-04-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-11 |
| 14 | വാടക കുടിശ്ശിക- നാളിതുവരെ ഈടാക്കിയില്ല<br>Written By: Judith Varghese (Senior Grade Auditor, On 16-04-2022)<br>Last Updated By: Naseer S (Computer Assistant, On 20-07-2022) | 1-12 |
| 15 | വിനോദനികുതി-കുടിശ്ശിക തുക,പിഴപലിശ എന്നിവ അടവാക്കിയില്ല<br>Written By: Judith Varghese (Senior Grade Auditor, On 17-04-2022)<br>Last Updated By: Naseer S (Computer Assistant, On 20-07-2022) | 1-13 |
| 16 | വസ്തു നികുതി വരുമാനമാക്കാതെ മുനിസിപ്പാലിറ്റി, പിരിച്ചെടുക്കാനുള്ളത് കോടികൾ. | 1-14 |

| | | |
|---|---|---|
| | Written By: Padmakumari L (Asst. Audit Officer, On 17-04-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | |
| 17 | സാക്ഷരതാ തുല്യതാപരീക്ഷ - രേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 17-04-2022)<br>Last Updated By: Naseer S (Computer Assistant, On 20-07-2022) | 1-15 |
| 18 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ കണ്ടിജൻസി ചെലവുകൾ-താലൂക്ക് ആശുപത്രിയുടെ വൈദ്യുതി ചാർജ്ജ് ഒടുക്കവരുത്തൽ - രേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 17-04-2022)<br>Last Updated By: Naseer S (Computer Assistant, On 20-07-2022) | 1-16 |
| 19 | പി.എം.എ.വൈ-ഡി.പി.ആർ 5 ആദ്യഗഡു കൈപ്പറ്റിയ 12 ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.<br>Written By: Padmakumari L (Asst. Audit Officer, On 17-04-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-17 |
| 20 | നിയമാനുസൃത നികുതികൾ ഈടാക്കിയതിൽ കുറവ്.<br>Written By: A.Sasijosh (Audit Officer, On 16-04-2022)<br>Last Updated By: Naseer S (Computer Assistant, On 20-07-2022) | 1-18 |
| 21 | കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല<br>Written By: A.Sasijosh (Audit Officer, On 16-04-2022)<br>Last Updated By: Naseer S (Computer Assistant, On 20-07-2022) | 1-19 |
| 22 | ടെണ്ടർ നിരക്കുകൾ ബാധകമാക്കാതെയും അധിക ഇനത്തിന് ടെണ്ടർ കിഴിവ് വരുത്താതെയും എസ്റ്റിമേറ്റ് നിരക്കിൽ അന്തിമ ബിൽ തയ്യാറാക്കി തുക നൽകി<br>Written By: A.Sasijosh (Audit Officer, On 16-04-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 1-20 |
| | ഭാഗം **2** | |
| 1 | വാടക കുടിശ്ശിക നാളിതുവരെ ഈടാക്കിയില്ല<br>Written By: Judith Varghese (Senior Grade Auditor, On 18-04-2022)<br>Last Updated By: Naseer S (Computer Assistant, On 20-07-2022) | 2-1 |
| 2 | വിനോദനികുതി -കുടിശ്ശിക തുക,പിഴപ്പലിശ എന്നിവ അടവാക്കിയില്ല<br>Written By: Judith Varghese (Senior Grade Auditor, On 18-04-2022)<br>Last Updated By: Naseer S (Computer Assistant, On 20-07-2022) | 2-2 |
| | ഭാഗം **3** | |
| 1 | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ - സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം നൽകി<br>Written By: Bini Chandran S (Computer Assistant, On 04-06-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 3-1 |
| 2 | നിയമാനുസൃത നികുതികൾ ഈടാക്കിയതിൽ കുറവ്.<br>Written By: Bini Chandran S (Computer Assistant, On 04-06-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 3-2 |
| 3 | കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല<br>Written By: Bini Chandran S (Computer Assistant, On 04-06-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 3-3 |
| 4 | ടെണ്ടർ നിരക്കുകൾ ബാധകമാക്കാതെയും അധിക ഇനത്തിന് ടെണ്ടർ കിഴിവ് വരുത്താതെയും എസ്റ്റിമേറ്റ് നിരക്കിൽ അന്തിമ ബിൽ തയ്യാറാക്കി തുക നൽകി<br>Written By: Bini Chandran S (Computer Assistant, On 04-06-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 3-4 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: R.Sheeja (Asst. Audit Officer, On 20-01-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: R.Sheeja (Asst. Audit Officer, On 20-01-2022)<br>Last Updated By: R.Sheeja (Asst. Audit Officer, On 08-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: R.Sheeja (Asst. Audit Officer, On 20-01-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: R.Sheeja (Asst. Audit Officer, On 20-01-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: R.Sheeja (Asst. Audit Officer, On 08-04-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: R.Sheeja (Asst. Audit Officer, On 20-01-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: R.Sheeja (Asst. Audit Officer, On 07-04-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: R.Sheeja (Asst. Audit Officer, On 20-01-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: R.Sheeja (Asst. Audit Officer, On 20-01-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: R.Sheeja (Asst. Audit Officer, On 07-04-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: R.Sheeja (Asst. Audit Officer, On 07-04-2022)<br>Last Updated By: Naseer S (Computer Assistant, On 21-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

28.02.2019 തീയതിയിലെ II-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 09.12.20 | - | - |

### 1-2-1 വാർഷികകണക്ക് പരിശോധന

1.. PMAY ഭവനപദ്ധതിയ്ക്കായി ' HUDCO ' യിൽ നിന്നും തൻവർഷം ലഭിച്ച 2,20,00,000/- രൂപയുടെ തൻവർഷ ചെലവ് വിവരം ' Pre-paid Programme Expenditure' റസീറ്റ് & പേയ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. PMAY ഭവനപദ്ധതി സ്റ്റേറ്റ് ഷെയർ, സെൻട്രൽ ഷെയർ, എന്നിവയുടെ വരവ് ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ടി തുകകളുടെയും PMAY ഭവനപദ്ധതിലോൺ തുകയുടെയും ചെലവ് വിവരം സുലേഖസ്റ്റേറ്റ്മെന്റിലും ഉൾപ്പെടുത്തിയിട്ടില്ല. വികസന ഫണ്ടിൽ നിന്നുള്ള ചെലവ് വിവരങ്ങൾ മാത്രമാണ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

3. ബി-2 ഷെഡ്യൂൾ പ്രകാരം Poverty Alleviation Fund – ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

4. ബി.4 ഷെഡ്യൂൾ പ്രകാരം “Grants Contribution For Specific Purposes – Central Government” എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ള 1,24,05,291/- രൂപ യുടെ ഇനംതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയില്ല.

5. ഓഡിറ്റ് റിക്കവറിയിനത്തിൽ മുൻ വർഷങ്ങളിൽ ലഭിച്ചതുൾപ്പെടെയുള്ള 5,13,904/- രൂപ ലയബിലിറ്റി ഹെഡിലുൾപ്പെടുത്തിയിരിക്കുന്നു..

6. ബി- 7 ഷെഡ്യൂൾ പ്രകാരം 32,04,546/-രൂപ നിക്ഷേപമുള്ളതിനാൽ 2002-03 മുതലുള്ള നിക്ഷേപങ്ങൾ ഉൾപ്പെടുന്നു. എന്നാൽ ഇവ വർഷം തിരിച്ച് കാണിക്കുകയോ, കാലഹരണപ്പെട്ടവ മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല.

7. വസ്തുനികുതി, വാടക, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, കളക്ഷൻ - ബാലൻസ് എന്നിവ വാർഷിക ധനകാര്യപത്രികയും രജിസ്റ്ററുമായും പൊരുത്തപ്പെടുന്നില്ല.
8 AUEGS വരവ്, ചെലവ് തുകകൾ AFS- മായി പൊരുത്തപ്പെടുന്നില്ല.

9. ഡെവലപ്പ്മെന്റ് ഫണ്ട് ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് 6,72,215/- രൂപയും, അദർ സ്പെസിഫിക്ക് ഗ്രാന്റ്സ് ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് 8,12,071/- രൂപയും ഫിക്സഡ് അസറ്റായി ഉൾപ്പടുത്തിയിരിക്കുന്നു.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6,99,36,874/- രൂപ |
| വരവ് | 16,59,04,533/- രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 23,58,41,407/- രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 18,83,39,491/- രൂപ |
| നീക്കിയിരിപ്പ് | 4,75,01,916/- രൂപ |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 2,92,009/- രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,47,821/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 30,49,658/- രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്സായ തുക (രൂപ) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | | 0 | 1,37,71,000 | 1,37,71,000 | 1,11,52,308 | 26,18,692 |
| വികസനഫണ്ട് (എസ്.സി.പി) | | 0 | 1,82,43,000 | 1,82,43,000 | 1,37,69,899 | 44,73,101 |
| വികസനഫണ്ട് (റ്റി. എസ്.പി) | | 0 | 3,41,000 | 3,41,000 | 2,00,000 | 1,41,000 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | | 0 | 92,75,000 | 92,75,000 | 52,87,635 | 39,87,365 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 0 | 1,29,76,000 | 1,29,76,000 | 89,32,317 | 40,43,683 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 0 | 43,02,000 | 43,02,000 | 36,78,721 | 6,23,279 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) NULM | | 12,07,473 | 95,287 | 13,02,760 | 5,47,677 | 7,55,083 |
| PMAY | | 1,66,94,916 | 4,96,63,146 | 6,63,58,062 | 5,85,07,320 | 78,50,742 |
| AUEGS | അഡ്മിനിസ്ട്രേറ്റീവ് ചെലവ് + തൊഴിലാളികളുടെ കൂലി | 90,47,586- | 45,00,000/- | 1,35,47,586 | 1,23,12,807 | 12,34,779 |
| ശുചിത്വമിഷൻ | | 17,65,919 | 49,784 | 18,15,703 | 9,23,742 | 8,91,961 |
| ശുചിത്വമിഷൻ (ഡി.പി.ആർ) | | 43,80,587 | 1,64,662 | 45,45,249 | 16,37,744 | 29,07,505 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 294 | 15,27,98,407/- | 128 | 6,97,09,795/- | 146 | 20 | 43.54 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരുപ്പ് (രൂപ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ + തൊഴിലാളികളുടെ കൂലി | 90,47,586/- | 45,00,000/- | 1,35,47,586/- | 1,23,12,807/- | 12,34,779/- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,27,680/- | 135 |
| കർഷകതൊഴിലാളി പെൻഷൻ | 7,98,600/- | 660 |
| വിധവാപെൻഷൻ | 73,03,800/- | 6927 |
| വാർദ്ധക്യകാലപെൻഷൻ | 1,06,09,500/- | 11292 |
| വികലാംഗപെൻഷൻ | 20,03,900/- | 1723 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,50,000/- | 5 |
| 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 2,20,200/- | 145 |

### 1-7-1 സാമൂഹ്യസുരക്ഷാപെൻഷൻ-ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അക്കൗണ്ടിലേക്ക് നൽകുന്നു

താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അവരുടെ മരണശേഷവും പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആധാർനം | പെൻഷൻ തരം | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | റഹീം എം എസ് | 674776536795 | വാർദ്ധക്യകാല പെൻഷൻ | 23/5/19 | 6/19,7/19 | 2,400/- |
| 2 | മുരളീധരൻ എൻ | 555946463481 | „ | 10/5/19 | 6/19,7/19 | 2,400/- |
| 3 | രാജു | 935163604538 | വികലാംഗപെൻഷൻ | 6/6/19 | 7/19 | 1,300/- |
| 4 | ശശികുമാർ എൻ | 316236858862 | „ | 9/5/19 | 6/19,7/19 | 2,400/- |
| 5 | അംബിക പി കെ | 444860075137 | വാർദ്ധക്യകാലപെൻഷൻ | 16-6-19 | 7/19 | 1,200/- |
| 6 | ശ്യാമള എസ് | 743590450275 | വിധവപെൻഷൻ | 20/5/19 | 6/19,7/19 | 2,400/- |
| 7 | ബാലകൃഷ്ണകുറുപ്പ് | 398989679814 | വാർദ്ധക്യകാലപെൻഷൻ | 19/2/20 | 3/20, 4/20, 5/20, 6/20, 7/20, 8/20, 9/20 | 10,500/- |

2019-20 വർഷം കൊട്ടാരക്കര മുനിസിപ്പാലിറ്റിയിലെ മരണരജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് വിവരങ്ങൾ തയ്യാറാക്കിയത്. 2/8/21-ലെ ധനകാര്യവകുപ്പിന്റെ 63/2021 നം ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ മരണം രജിസ്റ്റർ ചെയ്യുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ

ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ ഡാറ്റാബേസിൽനിന്നും ഒഴിവാക്കേണ്ടതുമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിൽ നിർദ്ദേശിക്കും പ്രകാരം, മരണപ്പെട്ടവരെയും അനർഹരായവരേയും ഗുണഭോക്തൃലിസ്റ്റിൽ നിന്ന് സമയബന്ധിതമായി ഒഴിവാക്കാത്തപക്ഷം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത തുക പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും പരാമർശിക്കുന്നു. ആയതിനാൽ മുകളിൽ പരാമർശിച്ച ഗുണഭോക്താക്കളുടെ പേരിൽ, മരണശേഷം അനുവദിച്ച പെൻഷൻതുക അനന്തരാവകാശികളിൽ നിന്നോ, ബന്ധപ്പെട്ട ബാങ്കുകളിൽ നിന്നോ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് എൻക്വയറി നം – 14/11-4-22

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 25,691/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ ആഭ്യന്തര നിയന്ത്രണ നടപടികൾ ഓഡിറ്റിന്റെ ഭാഗമായി വിലയിരുത്തപ്പെടുകയുണ്ടായി. ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സംവിധാനത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കവരുത്തുന്നുണ്ട്.

സൃഷ്ടിക്കപ്പെടുന്ന ആസ്തികൾക്ക് നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല. കാലാകാലങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സചിത്ര സോഫ്റ്റ് വെയറിലൂടെ തയാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ആസ്തികൾ സംബന്ധമായ കൃത്യത നിലവിൽ ഇല്ലാത്ത സ്ഥിതിയുണ്ട്.

സർക്കുലർ നമ്പർ 86/ 2010 ഫിൻ. തീ. 24-9-2010 പ്രകാരം സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കമ്പ്യൂട്ടർ - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വിവരങ്ങൾ, വിതരണ വിവരങ്ങൾ, വാങ്ങൽ വിശദാംശങ്ങൾ, എ.എം.സി വിശദാംശങ്ങൾ തുടങ്ങിയുള്ള എല്ലാ വിവരങ്ങളും സ്റ്റോക്ക് അക്കൗണ്ടിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്. നിഷ്ക്രിയമായ അവസ്ഥയിൽ ഉള്ള എല്ലാ ഉപകരണങ്ങളുടെയും സ്റ്റോക്ക് രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിക്കേണ്ടതും അനിവാര്യമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മിക്ക ഫയലുകളും മാന്വൽ സംവിധാനങ്ങളിലൂടെ മാത്രം ക്രമീകരിക്കുന്ന സാഹചര്യത്തിൽ ഓരോ വർഷത്തെയും വരവ്, ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ സംഗ്രഹം ആധികാരികമാക്കി സൂക്ഷിക്കും വിധം രജിസ്റ്ററുകൾ പരിപാലിക്കേണ്ടതുണ്ട്.

പ്രോജക്ട് ഓഫീസർ, ഹെൽത്ത് ഓഫീസർ എന്നിവർ നിർവ്വഹണം നടത്തിയ ഭവനനിർമ്മാണ പദ്ധതികൾക്കായി വിവിധ ഘട്ടങ്ങളിൽ നൽകുന്ന തുകയുടെ വിനിയോഗം പരിശോധിച്ച് ഉറപ്പാക്കാൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗുണഭോക്താവിന് നൽകുന്ന ഗഡുവിന്റെ അർഹത ബോദ്ധ്യപ്പെടുവാൻ കഴിഞ്ഞിട്ടില്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും നഗരസഭയുടെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നടപ്പിലാക്കുന്നതിനുമായി നഗരസഭയുടെ ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണെന്ന് വിലയിരുത്തുന്നു.

തനത് വരുമാനം പിരിച്ചെടുക്കാതെ അവശേഷിക്കുന്നത് കോടികൾ -

നഗരസഭയുടെ തനത് വരുമാനമായ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ്, വാടക, മറ്റ് വരവുകൾ എന്നീ ഇനത്തിൽ ആകെ 5,06,03,622/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(Schedule: B-15 Sundry Debtors(Receivables)

| ക്രമ നം | ഇനം | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക (രൂപ) |
|---|---|---|
| 1 | Receivables For Property Taxes (Current) | 84,97,360.00 |
| 2 | Receivables For Property Taxes (Arrears) | 27,098,535.00 |
| 3 | Receivables For Profession Tax - Institutions/Professionals/Traders (Current) | 96,29,334.00 |
| 4 | Receivables For Profession Tax - Institutions/Professionals/Traders (Arrears | 1,034,206.00 |
| 5 | Receivable For License Fees (Current) | 75,590.00 |
| 6 | Receivable For License Fees (Arrears) | 3,555.00 |
| 7 | Rent Receivable From Civic Amenities (Current) | 1,32,901.00 |
| 8 | Rent Receivable From Civic Amenities (Arrears) | 1,122,002.00 |
| 9 | Other Receivable (Current) | 606,948.00 |
| 10 | Receivables For Service Cess (Current) | 1,414,723.00 |
| 11 | Receivables For Service Cess (Arrears) | 2,760,282.00 |
| 12 | State Govt Cesses/ Levies In Property Taxes - Control Account | (1,771,774.00) |

പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകകൾ ഈടാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2012 മുതൽ നടന്നിട്ടില്ല | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2019 മുതൽ 26.11.2019 വരെ | 2017-18 2018-19 | 30.12.2019 |

## 1-11 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ (എസ്.സി.പി) നം.170/19-20 |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 3,12,000/- രൂപ |
| ഫണ്ട് | വികസനഫണ്ട്(എസ്.സി.പി) |
| ചെലവ് | 2,34,000/- രൂപ (ബിൽ നമ്പർ.1/19-20, 08.05.2019) |

2019-20 സാമ്പത്തികവർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി സ്പിൽഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ (എസ്.സി.പി) നം.170/19-20. ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ, ഏറ്റവും കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത പ്രൈം മോട്ടോഴ്സ്, തിരുവല്ല എന്ന സ്ഥാപനത്തിൽ നിന്നാണ് സ്കൂട്ടർ വാങ്ങിയിട്ടുള്ളത്. 2019-20 സാമ്പത്തികവർഷത്തിൽ 3 ഗുണഭോക്താക്കൾക്കാണ് (3X78000) ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയത്. സബ്സിഡി മാർഗരേഖ പ്രകാരം ഗുണഭോക്താവിന് 40% ലേറെ വൈകല്യമുണ്ടെങ്കിലും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ഓടിക്കാൻ ലേണേഴ്സ് ലൈസൻസ് ഉണ്ടായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്, കൂടാതെ സ്കൂട്ടർ ഓടിക്കാൻ കഴിവുള്ള ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തുകയും വേണം. എന്നാൽ ശ്രീ.ഓമനക്കുട്ടൻ, ചരുവിള പുത്തൻവീട്, അമ്പലപ്പുറം എന്ന വ്യക്തിയ്ക്ക് ഇപ്രകാരം ലേണേഴ്സ് ലൈസൻസും, മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കാതെയാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യം നല്കിയിട്ടുള്ളത്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ ടിയാൾക്ക് ലേണേഴ്സ് ലൈസൻസ് നാളിതുവരെ ലഭിച്ചിട്ടില്ലാ എന്നും, ടിയാളോട് ലേണേഴ്സ് ലൈസൻസിനു അപേക്ഷ നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും നിലവിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, നിശ്ചിത യോഗ്യതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകിയ ഇനത്തിൽ ചെലവഴിച്ച 78,000/- രൂപ നിരാകരിക്കുന്നു. നിർവഹണ ഉദ്യോഗസ്ഥൻ മരണപ്പെട്ടുപോയതിനാൽ നഷ്ടം വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ തിരികെ ഈടാക്കുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ – 2/2019-20 / 21.01.2022
നിരാകരിക്കുന്ന തുക – 78,000/- രൂപ

## 1-12 വാടക കുടിശ്ശിക- നാളിതുവരെ ഈടാക്കിയില്ല

കൊട്ടാരക്കര മുനിസിപ്പാലിറ്റിയിൽ 2019-20വർഷം താഴെപ്പറയുന്ന വ്യക്തികൾ കടമുറികളുടെ വാടകഒടുക്ക് വരുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വ്യക്തിയുടെ പേര്/കടമുറി നം | കുടിശ്ശിക തുക (ജി.എസ്.ടി ഉൾപ്പെടെ) (രൂപ) | പ്രതിവർഷ വാടക നിരക്ക് (രൂപ) |
|---|---|---|---|
| 1 | നവാസ് പി തസ്ലീമ മൻസിൽ, മുസ്ലീം സ്ട്രീറ്റ്, സ്റ്റാൾ നം-9 | 16,632 + 2,994 | 16,632/- |
| 2 | മുഹമ്മദ് ഖനി കോയിപ്പുറത്ത് വീട് മുസ്ലീം സ്ട്രീറ്റ് സ്റ്റാൽ നം-10 | 24,948 + 4,491 | 24,948/- |
| 3 | സ്റ്റെല്ല കുതിരമുനമ്പേൽ, കിഴക്കതിൽ പേരയം, നം-12 | 12,474 + 2,245 | 12,474/- |
| 4 | റീത്ത ആന്റണി, റീത്താഭവനം, കുമ്പളം, നം-13 | 41,580 + 7,485 | സ്റ്റാൾ ഒഴിഞ്ഞു കിടന്നു. |
| 5 | സക്കീർഹുസൈൻ, ചരുവിളവീട് മുസ്ലീം സ്ട്രീറ്റ് , നം-26 | 5,148 + 927 | 5,405/- |
| 6 | അബ്ദുൾ റഹീം റഹ്മമൻസിൽ മുസ്ലീം സ്ട്രീറ്റ്, നം-55ബി | 7,174 + 1,291 | 7,174/- |

| | | | |
|---|---|---|---|
| 7 | ജോൺസൺ<br>പാത്തൂർവീട്<br>പൂവറ്റൂർ ഈസ്റ്റ്, നം-10ബി | 5,994 + 1,079 | 5,994/- |
| 8 | സിറാജുദ്ദീൻ, മുംതാസ് മഹൽ<br>മുസ്ലീംസ്ട്രീറ്റ്, നം-48എ | 11,487 + 2,068 | 11,487/- |
| 9 | അബ്ദുൾ റഹീം,<br>റഹ്നാമൻസിൽ<br>മുസ്ലീംസ്ട്രീറ്റ്, നം-55എ | 8,391 + 1,510 | 8,391/- |
| 10 | അബ്ദുൾ റഹീം,<br>റഹ്നാമൻസിൽ<br>മുസ്ലീംസ്ട്രീറ്റ്, നം-55ബി | 7,174 + 1,291 | 7,174/- |
| 11 | ഷെരീഫ്,<br>ഷഹ്നാമൻസിൽ, നം-25 | 47,085 + 8,475 | സ്റ്റാൾ ഒഴിഞ്ഞു കിടന്നു. |
| 12 | അഷ്റഫ്. കെ<br>നസീബ് മൻസിൽ,<br>നം-37ബി | 5,988 + 1,078 | സ്റ്റാൾ ഒഴിഞ്ഞു കിടന്നു. |
| 13 | ശശിദരൻ<br>ശ്രീകൃഷ്ണവിലാസം, നം-49എ | 6,059 + 1,091 | സ്റ്റാൾ ഒഴിഞ്ഞു കിടന്നു. |
| 14 | ഷെഹീൻ<br>ഷഹനാമൻസിൽ, നം-51ബി | 5,988 + 1,078 | സ്റ്റാൾ ഒഴിഞ്ഞു കിടന്നു. |
| 15 | തങ്കപ്പ റാവുത്തർ<br>കുഴിവിളവീട്, നം-46 | 17,107 + 3,079 | സ്റ്റാൾ ഒഴിഞ്ഞു കിടന്നു. |
| | ആകെ തുക | 2,63,411/- | |

മുകളിൽ പരാമർശിച്ച വ്യക്തികളിൽ നിന്ന് കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആരാഞ്ഞുനൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക വരുത്തിയ വ്യക്തികളിൽ നിന്ന് വാടക പിഴപ്പലിശ സഹിതം ഈടാക്കേണ്ടതുംവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും ആണ്.

ഓഡിറ്റ് എൻക്വയറി നം – 3 / 22/1/22

## 1-13 വിനോദനികുതി-കുടിശ്ശിക തുക,പിഴപലിശ എന്നിവ അടവാക്കിയില്ല

2017ൽ ജി.എസ്.ടി നിലവിൽ വന്നപ്പോൾ വിനോദ നികുതി നിർത്തലാക്കിയെങ്കിലും, സ.ഉ.(കൈ)നം.112/2019/തസ്വഭവ. തീയതി-31.8.19 പ്രകാരം 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദ നികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയും 1/9/19 മുതൽ ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷം കൊട്ടാരക്കര മുനിസ്സിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന മിനർവ തീയേറ്റേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വിനോദനികുതിയിനത്തിൽ 2020 ഫെബ്രുവരി ഒന്നു മുതൽ 29 വരെ 1,20,058/- രൂപയും 2020 മാർച്ച് ഒന്നു മുതൽ 10 വരെ 28,598/- രൂപയും ഉൾപ്പെടെ ആകെ 1,48,656/- രൂപ കുടിശ്ശികയായി നിലനിന്നിരുന്നു. ഫെബ്രുവരിമാസത്തെ കുടിശ്ശിക തുക 19/1/22 ൽ അടവാക്കിയെങ്കിലും അടവാക്കിയ തുകയോടൊപ്പം പിഴപ്പലിശ ഈടാക്കിയിതായി കാണുന്നില്ല. 2020 മാർച്ച് ഒന്നു മുതൽ 10 വരെയുള്ള കുടിശ്ശിക തുകയായ 28,598/- രൂപ നാളിതുവരെ പിഴപ്പലിശ ഉൾപ്പെടെ ഒടുക്കിയിട്ടില്ല. പ്രസ്തുതവിവരങ്ങൾ ആരാഞ്ഞുനൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക 28,598/- രൂപ ഈടാക്കുന്നതിനോടൊപ്പം പിഴപ്പലിശകൂടി ഉൾപ്പെടുത്തി ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം – 7 തീയതി-24/1/22

1-14 വസ്തു നികുതി വരുമാനമാക്കാതെ മുനിസിപ്പാലിറ്റി, പിരിച്ചെടുക്കാനുള്ളത് കോടികൾ.

1. വസ്തുനികുതി യഥാസമയം പിരിച്ചെടുക്കുന്നില്ല - 2019-20 വരെവസ്തു നികുതി കുടിശ്ശിക മാത്രം 3.75 കോടി രൂപ

വളരെയധികം തനതു വരുമാന സ്രോതസ്സുകളുള്ള നഗരസഭയിൽ നികുതികളും ഫീസുകളും യഥാസമയം പിരിച്ചെടുക്കാത്തത് കാരണം തനത് വരുമാനത്തിൽ ഭീമമായ ഇടിവ് സംഭവിക്കുന്നു. സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡി.സി.ബി പ്രകാരം പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതിയിൽ മാത്രം 2019-20 ലെ വസ്തു നികുതി ഉൾപ്പെടെ 3,75,28,244/- രൂപ പിരിച്ചെടുക്കാനുണ്ട് (വസ്തുനികുതി + ലൈബ്രറി സെസ്സ് + സേവന നികുതി). സഞ്ചയയിൽ തൻവർഷ ഡിമാൻഡ് ആയി 2,05,05,649/- രൂപയും കളക്ഷൻ ആയി 1,00,95,619/- രൂപയും ബാലൻസ് ആയി 1,11,74,056/-(ബുക്ക് അഡ്ജസ്റ്റ്മെന്റുകൾക്ക് ശേഷമുള്ള ബാലൻസ്) രൂപയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2019-20ലെ വാർഷിക പത്രിക പ്രകാരം വസ്തുനികുതി ഡിമാന്റ് ചുവടെ ചേർക്കും പ്രകാരമാണ്

| ഡിമാന്റ് (രൂപ) | | കളക്ഷൻ (രൂപ) | | ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക (രൂപ) * | |
|---|---|---|---|---|---|
| വസ്തു നികുതി | സേവന നികുതി | വസ്തു നികുതി | സേവനനികുതി | വസ്തു നികുതി | സേവന നികുതി |
| 5,01,84,047/- | 50,18,404/- | 97,92,571/- | 6,32,647/- | 84,97,360/- | 14,14,723/- |

*തൻവർഷ ബാലൻസ് ആയി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക വസ്തുനികുതി 4,03,91,476/- രൂപയും സർവ്വീസ് ടാക്സ് 43,85,757/- രൂപയുമാണ്.

ബാലൻസ് ആയി ഉൾപ്പെടുത്തിയ വസ്തു നികുതി, സേവന നികുതി എന്നിവയിൽ യഥാക്രമം 3,18,94,116/- (4,03,91,476 – 84,97,360) രൂപയുടെയും 29,71,034/- (43,85,757 – 14,14,723), രൂപയുടെയും വ്യത്യാസം വന്നതിന്റെകാരണം വിശദമാക്കിയിട്ടില്ല.

വാർഷിക പത്രിക പ്രകാരം 2019-20ലെ വസ്തുനികുതി അരിയർ ഡിമാന്റ് 41,09,966/- രൂപയാണ്.

വസ്തു നികുതിഅരിയർ കളക്ഷനായി 11,04,86,370/- രൂപയും സേവന നികുതി 4,72,397/- രൂപയും വസ്തു നികുതി അരിയർബാലൻസ് ആയി 2,70,98,535/- രൂപയും സേവന നികുതി അരിയർബാലൻസ് ആയി 27,60,282/- രൂപയുമാണ് ഉൾപ്പടുത്തിയിട്ടുള്ളത്. മേൽ അപാകതകൾക്കും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പൊരുത്തക്കേടുകൾ സംബന്ധമായി വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സഞ്ചയ പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുകളുംതമ്മിൽ 3.18 കോടിയോളം രൂപയുടെ വ്യത്യാസമുള്ളതിനാൽ ഡിവിഷൻ തിരിച്ചുള്ള കൃത്യമായ ഡി.സി.ബി. പത്രിക തയ്യാറാക്കി വസ്തു നികുതി സംബന്ധിച്ച കൃത്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും കുടിശ്ശിക തുക പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. വസ്തുനികുതി – സാംഖ്യ -സഞ്ചയ സോഫ്റ്റ് വെയറുകളിൽ നികുതികൾ പൂർണ്ണമായി അപ്ഡേറ്റ് ചെയ്തിട്ടില്ല.

2015-നവംബർ 1 മുതലാണ് കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി ആയി മാറിയത്. ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലഘട്ടത്തിൽ തന്നെ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 25-3-11ലെ ഉത്തരവ് ജി.ഒ.(എം.എസ്)81/11എൽ.എസ്.ജി.ഡി പ്രകാരം 1-4-11 പ്രാബല്യത്തിൽ സാംഖ്യ സോഫ്റ്റ്വെയർ നിലവിൽ വന്നിരുന്നെങ്കിലും നാളിതുവരെയും നികുതിയിനങ്ങളുടെ സോഫ്റ്റ്വെയറായ സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തുനികുതി ഉൾപ്പടുത്തി സാംഖ്യ സഞ്ചയ സോഫ്റ്റ്വെയറുകൾ ലിങ്ക് ചെയ്ത് നികുതി വരവിനങ്ങളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. സാംഖ്യ – സഞ്ചയ സോഫ്റ്റ്വെയറുകൾ പൂർണ്ണമായും അപ്ഡേറ്റ് ചെയ്ത് പൂർണ്ണമായ കമ്പ്യൂട്ടറൈസ്ഡ് റിപ്പോർട്ടുകൾ ലഭ്യമാക്കാത്തിടത്തോളം കാലം രജിസ്റ്ററുകൾ പഴയ രീതിയിൽ എഴുതി തയ്യാറാക്കി സൂക്ഷിക്കണമെന്നും പൂർണ്ണമായി അപ്ഡേറ്റ് ചെയ്ത് ഓൺലൈൻ ആയിക്കഴിഞ്ഞാൽ പിന്നീട്

രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദ്ദേശിക്കേണ്ടതില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13-10-11 ലെ ജി.ഒ.(എം.എസ്)245/11എൽ.എസ്.ജി.ഡി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയിൽ സോഫ്റ്റ്‌വെയറുകളിൽ നികുതി വിവരങ്ങൾ പൂർണ്ണമായി അപ്ഡേറ്റ് ചെയ്യുകയോ വസ്തു നികുതിഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ എഴുതി തയ്യാറാക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്ററും നികുതി നിർണ്ണയ ഫയലുകളും മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.. യു.എ.രജിസ്റ്റർ ചട്ടപ്രകാരം പരിപാലിക്കുകയോ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി ഉൾപ്പെടുത്തുയോചെയ്യുന്നില്ല.

3. അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല .

കേരള മുനിസിപ്പിലാറ്റി നിയമത്തിലെ വകുപ്പ് 242 പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ ഏതെങ്കിലും ആവശ്യത്തിന് ആ കെട്ടിടം ഉപയോഗപ്പെടുത്തുന്നതു മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ നല്കേണ്ടി വരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും U.A നമ്പർ നല്കി നികുതിയായി ഈടാക്കുമെന്ന് വ്യക്തമാക്കുന്നുണ്ട്. കൂടാതെ സെക്ഷൻ 242 (5) ൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും U.A നമ്പർ നല്കപ്പെട്ടതും 406ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനോ വ്യാപാരത്തിനോ വ്യവസായ ആവശ്യത്തിനോ മറ്റേതെങ്കിലും ആവശ്യത്തിനോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടില്ല എന്നും അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നല്കി അത് പുനപരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണെന്നും വ്യക്തമാക്കുന്നുണ്ട്.

എന്നാൽ മുനിസിപ്പാലിറ്റിയിൽ നിന്നും കെട്ടിടങ്ങളുടെ കംപ്ളീഷൻ റിപ്പോർട്ട് പ്രകാരം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നല്കി വസ്തുനികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്യുന്നതല്ലാതെ മുനിസിപ്പാലിറ്റിയുടെ അനുമതിയില്ലാതെ ടി കെട്ടിടത്തിൽ തുടർന്ന് നടത്തുന്ന അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി തടയുന്നതിനോ അനധികൃത നിർമ്മാണങ്ങൾക്ക് വകുപ്പ് 406, 407 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നത് വരെ വകുപ്പ് 242 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അനധികൃത കെട്ടിട നികുതി ഈടാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുന്നില്ല. കേരള മുനിസിപ്പാലിറ്റി ബിൽഡിങ്ങ് റൂൾസ് 2019 റൂൾ 21ൽ രണ്ട് നിലകൾ വരെയുള്ള റസിഡൻഷ്യൽ കെട്ടിടങ്ങൾ ഒഴികെയും, 50 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, മതപരമായ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ എന്നീ വിഭാഗത്തിൻ കീഴിലുള്ള കെട്ടിടങ്ങൾ എന്നിവ ഒഴികെയുള്ളവയിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നല്കി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നല്കി 2 വർഷത്തിന് ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വളരെയധികം വ്യാപാര / വാണിജ്യ /വ്യവസായ സ്ഥാപനങ്ങളും ആശുപത്രികളും ലോഡ്ജുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്ന നഗരസഭയിൽ ഓഡിറ്റ് കാലയളവ് വരെ ഒരിക്കൽ പോലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് വേളയിൽ വസ്തുനികുതി നിർണ്ണയഫയലുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട കെട്ടിടങ്ങളിൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങളിലെ (മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളവ) അനധികൃതമായി നിർമ്മിച്ച ഭാഗങ്ങൾക്ക് മാത്രം U.A നമ്പർ നല്കി ടി ഏര്യക്ക് മാത്രം അനധികൃത കെട്ടിട നികുതി ഡിമാന്റ് ചെയ്യുന്ന രീതിയാണ് നഗരസഭയിൽ തുടർന്ന് വരുന്നത്. യഥാസമയം പരിശോധനനടത്തി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്പിക്കുകയോ കണ്ടെത്തുന്ന അനധികൃതകെട്ടിടങ്ങൾക്ക് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടി ഉണ്ടാകേണ്ടതാണ്.

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 5 കെട്ടിടങ്ങളിൽ നടത്തിയ സ്ഥലപരിശോധനയിൽ 5 എണ്ണത്തിലും അനധികൃത നിർമ്മാണം നടത്തിയതായി ബോദ്ധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

4. വസ്തു നികുതി നിർണ്ണയിച്ചതിന് ശേഷം കെട്ടിടങ്ങളിൽ നടത്തുന്ന അനധികൃത നിർമ്മാണം – നികുതിയോ ലൈസൻസ്ഫീസോ ഇല്ലാതെ വാണിജ്യകെട്ടിടങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു.

1. 6-4-22 ൽ റവന്യു ഇൻസ്പെക്ടർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ശ്രീ. ജേക്കബ് ജോർജ്ജിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടനം 10/401(1), 10/401(2) എന്ന വാണിജ്യകെട്ടിടത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ അനധികൃതമായി മുകളിലെ ഓപ്പൺ ടെറസ്സ് കെട്ടിയടച്ച് ഒരു നില കൂടി സ്ഥാപിച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായും കണ്ടു. വസ്തുനികുതി നിർണ്ണയഫയൽ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ, സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ട വിവരം എന്നിവ ചുവടെ ചേർക്കുന്നു.

വസ്തുനികുതി നിർണ്ണയഫയൽ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം

ഗ്രൗണ്ട്ഫ്ലോർ - 214 ച.മീ

ഫസ്റ്റ് ഫ്ലോർ - 250.64 ച.മീ

സ്റ്റെയർ റൂം - 16.30 ച.മീ

ആകെ – 480.94 ച.മീ

ടികെട്ടിടത്തിന് 120/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുകയും വഴി സൗകര്യത്തിന് 20% വർദ്ധനവും ഫസ്റ്റ് ഫ്ലോറിന് നിയമപ്രകാരമുള്ള ഇളവും നല്കി ആകെ 480.94 ച.മീ സ്ഥലത്തിനും വസ്തു നികുതി, 5% ലൈബ്രറി സെസ്സ്, 10% സേവനനികുതി എന്നിവ നിർണ്ണയിച്ചിരുന്നു.

സ്ഥലപരിശോധനയിൽ ടി കെട്ടിടത്തിന്റെ സ്റ്റെയർ ക്യാബിന് ചുറ്റുമുള്ള സ്ഥലം മുകളിൽ ഷീറ്റിട്ടും കെട്ടിമറച്ചും ഗോഡൗണായി ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടു. മേൽ കാരണങ്ങളാൽ അനധികൃത കെട്ടിടമായി മാറിയ ടി കെട്ടിടത്തിന് അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നത് വരെയോ സെക്ഷൻ 242 പ്രകാരമുള്ള നടപടി ക്രമങ്ങൾ നടപ്പാക്കുന്നത് വരെയോ അനധികൃത കെട്ടിടനമ്പർ നല്കി മൂന്നിരട്ടി കെട്ടിട നികുതി ഈടാക്കേണ്ടതും ടി കെട്ടിടങ്ങളിലെ വ്യാപാര വാണിജ്യപ്രവർത്തനങ്ങൾക്ക് നല്കിയ ലൈസൻസ് റദ്ദ് ചെയ്യേണ്ടതുമാണ്.

2. ശ്രീ. ബിജു ജോർജിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടനം. 5/574(1), 5/574(2) എന്ന വാണിജ്യകെട്ടിടത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ അനധികൃതമായി മുകളിലെ ഓപ്പൺ ടെറസ്സ് കെട്ടിയടച്ച് ഒരു നില കൂടി സ്ഥാപിച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടു. വസ്തുനികുതി നിർണ്ണയഫയൽ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരം, സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടവയുടെ വിശദവിവരം എന്നിവ ചുവടെ ചേർക്കുന്നു.

വസ്തുനികുതി നിർണ്ണയഫയൽ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം

ഗ്രൗണ്ട്ഫ്ലോർ - 161.18 ച.മീ

ഫസ്റ്റ് ഫ്ലോർ - 197.48 ച.മീ

സ്റ്റെയർ റൂം - 27.36 ച.മീ

ആകെ – 386.02 ച.മീ

ടികെട്ടിടത്തിന് 120/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുകയും വഴി സൗകര്യത്തിന് 20% വർദ്ധനവും, ഫസ്റ്റ് ഫ്ലോറിന് നിയമപ്രകാരമുള്ള ഇളവും നല്കി ആകെ 386.02 ച.മീ സ്ഥലത്തിനും വസ്തു നികുതി, 5% ലൈബ്രറി സെസ്സ്, 10% സേവനനികുതി എന്നിവ നിർണ്ണയിച്ചിരുന്നു.

സ്ഥലപരിശോധനയിൽ ടി കെട്ടിടത്തിന്റെ സ്റ്റെയർ ക്യാബിന് ചുറ്റുമുള്ള സ്ഥലം മുകളിൽ ഷീറ്റിട്ടും, കെട്ടിമറച്ചും ഗോഡൗണായി ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടു. മേൽ കാരണങ്ങളാൽ അനധികൃത കെട്ടിടമായി മാറിയ ടി കെട്ടിടത്തിന് അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നത് വരെയോ സെക്ഷൻ 242 പ്രകാരമുള്ള നടപടി ക്രമങ്ങൾ നടപ്പാക്കുന്നത് വരെ അനധികൃതകെട്ടിടനമ്പർ നല്കി മൂന്നിരട്ടി കെട്ടിട നികുതി ഈടാക്കേണ്ടതും ടി കെട്ടിടങ്ങളിലെ വ്യാപാര വാണിജ്യപ്രവർത്തനങ്ങൾക്ക് നല്കിയ ലൈസൻസ് റദ്ദ് ചെയ്യേണ്ടതുമാണ്.

3. ശ്രീ. വില്ല്യം ജോർജിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ (VIII/332(2), 332(3)) മൂന്നാം നിലയിൽ നിലവിലുള്ള 40 ച.മീ.നോട് ചേർത്ത് 266 ച.മീ.റും ടി ഫ്ലോറിന് മുകളിൽ നിലവിലുള്ള 21 ച.മീ ഹെഡ്

റൂമിനോട് ചേർന്നുള്ള 81 ച.മീ കൊമേഴ്സ്യൽ ഏര്യയുടെയും നിർമ്മാണത്തിനുള്ള നികുതിയാണ് വസ്തു നികുതി ഫയൽ പ്രകാരം അസ്സസ്സ് ചെയ്തിരുന്നത്. ടി കെട്ടിടത്തിന്റെ സ്ഥലപരിശോധനയിൽ 81 ച.മീ കൊമേഴ്സയൽ ഏര്യയോട് ചേർന്നുള്ള തുറസ്സായ സ്ഥലം 4 സൈഡും കെട്ടിമറച്ചും മുകളിൽ ഷീറ്റിട്ടും ബി.സി.കോളേജ് എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. കെട്ടിടത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

വസ്തുനികുതി നിർണ്ണയഫയൽ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം

ഗ്രൗണ്ട്ഫ്ലോർ - Existing - 265ച.മീ

ഫസ്റ്റ് ഫ്ലോർ Existing – 300ച.മീ

സെക്കന്റ് ഫ്ലോർ Existing – 300ച.മീ

തേഡ്ഫ്ലോർ Existing 40ച.മീ + 266ച.മീ – ആകെ 306ച.മീ

ഫോർത്ത് ഫ്ലോർ Existing 21ച.മീ + 81ച.മീ - ആകെ 102ച.മീ

ആകെ – 1273ച.മീ.

സ്ഥലപരിശോധനയിൽ തേഡ്ഫ്ലോറിന് തുല്യമായ നിർമ്മാണങ്ങൾ ഫോർത്ത് ഫ്ലോറിലും നടത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടു.

4. ശ്രീമതി ശ്രീലതയുടെ ഉടമസ്ഥതയിലുള്ളതും IX/176(1) മുതൽ 176(7) വരെ കെട്ടിട നമ്പറോട് കൂടിയതുമായ 293.02 ച.മീ കൊമേഴ്സ്യൽ ഏര്യയുടെ കാർ പാർക്കിംഗ് ഏര്യ, ടൂ വീലർ പാർക്കിംഗ് ഏര്യ എന്നിവയ്ക്കായി പ്രൊവൈഡ് ചെയ്തിട്ടുള്ള സ്ഥലത്ത് കെട്ടിട ഉടമയുടെ തന്നെ 2 നിലയിലുള്ള റസിഡൻഷ്യൽ കെട്ടിടത്തിന്റെ നിർമ്മാണം നടന്ന് വരുന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. കൂടാതെ കെട്ടിടത്തിന്റെ മുൻവശത്ത് കംപ്ലീഷൻ പ്ലാനിലുള്ളതിലും അധികമായി പടികൾ റോഡ് സൈഡിലേക്ക് ഇറക്കി നിർമ്മിച്ചിട്ടുള്ളതായും സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. മേൽ കാരണങ്ങളാൽ അനധികൃതമായി മാറിയ ടി കെട്ടിടത്തിന് അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നത് വരെയോ സെക്ഷൻ 242 പ്രകാരമുള്ള നടപടിക്രമങ്ങൾ നടപ്പാക്കുന്നത് വരെയോ അനധികൃത കെട്ടിട നമ്പർ നൽകി മൂന്നിരട്ടി കെട്ടിട നികുതി ഈടാക്കേണ്ടതും ടി കെട്ടിടങ്ങളിലെ വ്യാപാര വാണിജ്യ പ്രവർത്തനങ്ങൾക്ക് നൽകിയ ലൈസൻസ് റദ്ദ് ചെയ്യേണ്ടതുമാണ്.

5. 2013 രണ്ടാം അർദ്ധ വർഷം അസ്സസ്സ് ചെയ്തിട്ടുള്ളതും 2019-20 ൽ റീ നമ്പറിങ്ങിനായി അപേക്ഷിച്ചിട്ടുള്ളതുമായ 5/738 മുതൽ 5/749 വരെ കെട്ടിട നമ്പരോട് കൂടിയതും 1598.77 ച.മീ വിസ്തീർണ്ണത്തോട് കൂടിയതുമായ കെട്ടിടത്തിൽ 11-4-22ൽ നടത്തിയ സ്ഥല പരിശോധനാവിവരം, കെട്ടിടത്തിന്റെ വിവരം എന്നിവ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ വിവരം

സെല്ലാർ കാർ പാർക്കിംഗ് - 506.43 ച.മീ,,

ഗ്രൗണ്ട് ഫ്ലോർ - 506.43 ച.മീ,

ഫസ്റ്റ് ഫ്ലോർ – 552.48 ച.മീ

സ്റ്റെയർ ക്യാബിൻ – 33.43 ച.മീ

ആകെ – 1598.77ച.മീ

ശ്രീ. ഡാനിയൽ, പ്ലാവിള ബിനുവിലാസം (5/738, 5/739), ശ്രീ. ബിനു. പാലക്കോട്ട് വീട് (5/740, 5/741), ശ്രീ. ഷാജിജോസഫ് & ബിജിജോൺ, കളീലുവിള പുത്തൻവീട് (5/742, 5/743, 5/743/1) ശ്രീ. ലിബുവർഗ്ഗീസ്, കുഴിവിള പുത്തൻവീട് (5/744 മുതൽ 5/749 വരെയുള്ള 6 നമ്പറിലുള്ള കൊമേഴ്സ്യൽ ഏര്യ) എന്നിവരുടെ ഉടമസ്ഥതയിലുള്ള ടി കെട്ടിടത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കാർ പാർക്കിങ്ങിനുള്ള (17 കാറുകളുടെ പാർക്കിംഗ്) സെല്ലാർ ഏര്യ ആയി കംപ്ലീഷൻ പ്ലാനിൽ ഉൾപ്പടുത്തി നിർമ്മിച്ചിട്ടുള്ള 506.43 ച.മീ സെല്ലാർ ഏര്യയും ഭിത്തികെട്ടി തിരിച്ച് കടമുറികളാക്കി ഷട്ടറുകൾ സ്ഥാപിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. കൂടാതെ കെട്ടിടം നില്ക്കുന്ന 818 ച.മീ ഏര്യ ഉള്ള പ്ലോട്ടിലെ, കെട്ടിടം ഒഴിച്ചുള്ള സ്ഥലം (കംപ്ലീഷൻ പ്ലാനിൽ ഓപ്പൺ ഏര്യ) മുഴവൻ നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളതായും സ്റ്റെയർ ക്യാബിനോട് ചേർത്തുള്ള ഏര്യയിൽ മൂന്നാം നില സ്ഥാപിച്ചിട്ടുള്ളതായും സ്ഥലപരിശോധനാ

ടീമിന് ബോധ്യപ്പെട്ടു. ടി നിർമ്മാണങ്ങൾ നടത്തിയതോട് കൂടി ടി കെട്ടിടം ക്രമവൽക്കരിക്കാൻ സാധിക്കാനാകാത്ത വിധം അനധികൃത കെട്ടിടമായി മാറിയിരിക്കുകയാണ്.

സ്ഥലപരിശോധനയിൽ അനധികൃത നിർമ്മാണങ്ങൾ ഉള്ളതായി കണ്ടെത്തിയ മേൽ കെട്ടിടങ്ങളിൽ ചട്ടപ്രകാരമുള്ള പോസ്റ്റ് ഒക്കുപ്പൻസി നടത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നതുവരെ ടി കെട്ടിടങ്ങൾക്ക് അനധികൃത കെട്ടിട നം നല്കി മൂന്നിരട്ടി നികുതി ഈടാക്കേണ്ടതും കെട്ടിടങ്ങളിലെ പ്രവർത്തനങ്ങൾക്ക് നിലവിൽ നല്കിയിട്ടുള്ള അനുമതി /ലൈസൻസ് റദ്ദ് ചെയ്യേണ്ടതുമാണ്.

5. അനധികൃത കെട്ടിടങ്ങളിലെ നികുതി നിർണ്ണയത്തിലെ അപാകതകൾ .

നഗരസഭയിൽ നിന്നും നല്കിയ ഒക്കുപ്പൻസി സർട്ടിഫിക്കറ്റിലെ വിസ്സ്തീർണ്ണത്തിലും അധികമായി പിന്നീട് നിർമ്മിച്ച അനധികൃത കൂട്ടിച്ചേർക്കലുകൾ മൂലം കെട്ടിടം അനധികൃതമായി മാറുന്നുണ്ടെങ്കിലും അനധികൃതമായി നിർമ്മിച്ച ഭാഗത്തിന് മാത്രമാണ് ടി നിരക്കിലുള്ള നികുതി ഈടാക്കുന്നത്.

നിലവിലുള്ള കാർ പാർക്കിംഗ്, സെല്ലാർ കാർ പാർക്കിംഗ് എന്നിവ കെട്ടിയടച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന വാണിജ്യകെട്ടിടങ്ങളിലും മുകളിലേക്ക് അധികമായി നിലകൾ നിർമ്മിച്ചവയിലും അധിക നിർമ്മാണങ്ങൾക്ക് അനുസരിച്ച് ആവശ്യമായ തറവിസ്തീർണ്ണാനുപാതം, സെറ്റ് ബാക്കുകൾ, ആവശ്യമായ പാർക്കിംഗ് ഏര്യ (കെട്ടിടം സ്ഥിതി ചെയ്യുന്നപ്ലോട്ടിൽ തന്നെ കാർ പാർക്കിങ്ങ് സൗകര്യം ഒരുക്കണം 75 ച.മീ കാർപ്പറ്റ് ഏര്യയ്ക്ക് ഒരു കാർ പാർക്കിംഗ് വീതം (ഒരു കാർ പാർക്കിംഗ് 15ച.മീ,) കാർ പാർക്കിംഗിന്റെ 25% ടൂവീലർ പാർക്കിംഗ്) എന്നിവ ഇല്ലാതെ വരുന്നതിനാൽ ഒക്കുപ്പൻസി ലഭിച്ച കെട്ടിടഭാഗങ്ങളും കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം മൂലം അനധികൃതമായി മാറുന്നു.

